ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യ, പ്ളാന്റേഷൻ കോർപ്പറേഷൻ, കാർഷിക സർവകലാശാല തുടങ്ങിയവയും പച്ചക്കറി ഉല്പാദനത്തിൽ പങ്കുവഹിച്ചു. ഓണക്കാലത്ത് കുറഞ്ഞ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനു വേണ്ടി എല്ലാ അസംബ്ളി മണ്ഡലങ്ങളിലും ഓണച്ചന്തകൾ നടത്തി. സംസ്ഥാന വെജിറ്റബിൾ സെല്ലിന്റെ നേതൃത്വത്തിൽ, തിരുവനന്തപുരത്ത് പച്ചക്കറി ചന്ത സംഘടിപ്പിച്ച്, ഹരിത സംഘങ്ങളിൽ നിന്നും പച്ചക്കറി നേരിട്ടു വാങ്ങി വിതരണം ചെയ്തു. ഈ പ്രവർത്തനങ്ങൾ കാരണം പച്ചക്കറിയുടെ വില പൊതുവിപണിയിൽ തന്നെ കുറഞ്ഞുവെന്നതാണ് ഏറ്റവും പ്രധാന നേട്ടം.

(ഡി) ഹോർട്ടി കോർപ്പിന്റെ ഹരിതസ്റ്റാളുകൾ വഴി കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ വില്പന നടത്തുന്നു. കൂടാതെ ഹരിത സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ ബ്ളോക്കിലും ഒരു വിപണനകേന്ദ്രം പ്രവർത്തിച്ചുവരുന്നു.

115 (1081) പച്ചക്കറി ഉല്പാദനം

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉല്പാദനരംഗത്ത് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾമൂലം ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 6 ടൺ പച്ചക്കറി ഇനങ്ങളാണ് ഉല്പാദിപ്പിച്ചിരുന്നത്. 1997-98 വർഷത്തിൽ 8.31 ലക്ഷം ടണ്ണും 1998-99 ൽ 11.56 ലക്ഷം ടണ്ണും പച്ചക്കറി ഇനങ്ങൾ ഉല്പാദിപ്പിച്ചു.

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ ഹരിത സ്റ്റാളുവഴിയും സസ്യ സൂപ്പർ മാർക്കറ്റുകൾ വഴിയും ഓരോ ബ്ലോക്കിലും ഹരിത സംഘങ്ങൾ നടത്തുന്ന വിപണന കേന്ദ്രങ്ങൾ വഴിയും മിതമായ വിലയ്ക്ക് വില്പന നടത്തുന്നുണ്ട്.

116(1082) ഹരിത വർഷാചരണത്തിന്റെ രണ്ടാം ഘട്ടം

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹരിത വർഷാചരണത്തിന്റെ രണ്ടാംഘട്ടം എന്നുമുതൽ എന്നുവരെ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇക്കാലത്ത് എത്രമാത്രം പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കർഷകരെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര തൊഴിൽ ദിനങ്ങൾ ഇതിലൂടെ സൃഷ്ടിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഊർജ്ജിത പച്ചക്കറി ഉല്പാദന പദ്ധതി ഒരു തുടർ പദ്ധതിയാണ്. ഈ പദ്ധതിയുടെ ആദ്യവർഷമാണ് ഹരിതവർഷമായി ആചരിച്ചത്. പദ്ധതിയുടെ രണ്ടാംഘട്ടം '98 നവംബർ മുതൽ '99 നവംബർ വരെയാണ്.

(ബി) രണ്ടാം ഘട്ടത്തിൽ ആറുലക്ഷം ടൺ പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു.

(സി) 62409 കർഷകരെ

(ഡി) 24 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് കണക്കാക്കിയിരിക്കുന്നു.

117(1083) പച്ചക്കറി ക്ഷാമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) പച്ചക്കറിക്കൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കൃഷിഭവനുകൾ വഴി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക് എന്താണെന്ന് വിശദമാക്കുമോ;

(ഇ) ജനകീയാസൂത്രണപദ്ധതിയിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷി നടപ്പിലാക്കി. ഈ പദ്ധതിയിൽ കൃഷിവകുപ്പിനെ കൂടാതെ കാർഷിക സർവകലാശാല, സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പ

LIBRARY ARCHIVES Kerala Legislative Assembly